(സി) പാലത്തിന്റെ അപകടാവസ്ഥ സംബന്ധിച്ച് പഠനമൊന്നും നടത്തിയിട്ടില്ല.

ബൈപ്പാസുകൾ

290(1361) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബൈപ്പാസുകൾ നിർമ്മിക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ബൈപ്പാസുകൾ നിർമ്മിക്കാൻ മാത്രമായി കർമ്മ പദ്ധതി രൂപവൽക്കരിച്ചിട്ടില്ല. എന്നാൽ റോഡുകളിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ രൂപീകരിച്ച പദ്ധതികളിൽ ബൈപ്പാസുകളും ഉൾപ്പെടും.

(ബി) ഗതാഗതക്കുരുക്കുകൾ ഒഴിവാക്കുന്നതിനും ഗതാഗതക്കുരുക്ക് കാരണമുണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുന്നതിനും യാത്രാസമയം ലാഭിക്കുന്നതിനും സുഗമമായ യാത്രാ സൗകര്യം ഉറപ്പ് വരുത്തുകയുമാണ് ബൈപ്പാസുകളുടെ നിർമ്മാണം കൊണ്ടുള്ള ഉദ്ദേശ ലക്ഷ്യം.

(സി) (എ) ദേശീയപാത വിഭാഗത്തിന്റെ കീഴിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന ബൈപ്പാസുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

1. തിരുവനന്തപുരം ബൈപ്പാസ് - കേന്ദ്ര സർക്കാരിന്റെ പൂർണ്ണച്ചെലവിൽ ദേശീയപാത അതോറിറ്റി നിർമ്മിക്കുന്ന തിരുവനന്തപുരം ബൈപ്പാസ് നിർമ്മാണം പുരോഗമിക്കുകയാണ്. കഴക്കൂട്ടത്ത് നിന്ന് ആരംഭിച്ച് തമിഴ്നാട് അതിർത്തിയിൽ അവസാനിക്കുന്ന തിരുവനന്തപുരം ബൈപ്പാസ് സർവ്വീസ് റോഡോടുകൂടി നാലുവരിപ്പാതയായാണ് വികസിപ്പിക്കുന്നത്. ഈ ബൈപ്പാസിന്റെ കഴക്കൂട്ടം

LIBRARY ARCHIVES Kerala Legislative Assembly

മുതൽ മുക്കോല വരെയുള്ള 26.5 കി.മീ. ഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. മുക്കോല മുതൽ തമിഴ്നാട് അതിർത്തിവരെയുള്ള ഭാഗത്തെ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായി വരികയാണ്.

2. കൊല്ലം, ആലപ്പുഴ ബൈപ്പാസുകൾ - കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തുല്യപങ്കാളിത്തത്തോടെ നിർമ്മിക്കുന്ന കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെ നിർമ്മാണം പുരോഗമിച്ചുവരികയാണ്.

3. കോഴിക്കോട് ബൈപ്പാസ് - ദേശീയപാത 17-ലെ കോഴിക്കോട് ബൈപ്പാസിന്റെ വെങ്ങളം മുതൽ പൂളാടിക്കുന്ന് വരെയുള്ള 5.1 കി.മീ. രണ്ട് വരിപ്പാതയായി 152.75 കോടി രൂപ ചെലവിൽ സംസ്ഥാന സർക്കാർ പൂർത്തീകരിച്ച് ഗതാഗതത്തിന് തുറന്ന് കൊടുത്തിട്ടുണ്ട്. ഈ ബൈപ്പാസ് 4 വരിപ്പാതയാക്കുന്നതിന് ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നു.

4. തലശ്ശേരി-മാഹി ബൈപ്പാസ് - ദേശീയപാത 17-ലെ മുഴപ്പിലങ്ങാട് മുതൽ അഴിയൂർ വരെയുള്ള 18 കി.മീ. ദൈർഘ്യമുള്ളതാണ് ഈ ബൈപ്പാസ്. ഇത് നാല് വരിപ്പാതയായി വികസിപ്പിക്കുന്നതിന് ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നു.

5. തൃപ്പൂണിത്തുറ ബൈപ്പാസ് - തൃപ്പൂണിത്തുറ ബൈപ്പാസിന്റെ അലൈൻമെന്റ് കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. സ്ഥലമെടുപ്പിനായി 984.46 കോടി രൂപയുടെയും നിർമ്മാണത്തിനായി 315.71 കോടി രൂപയുടെയും ഡി.പി.ആർ. കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

6. മൂവാറ്റുപുഴ ബൈപ്പാസ് - 4.39 കി.മീ. ദൈർഘ്യമുള്ള മൂവാറ്റുപുഴ ബൈപ്പാസ് 45 മീറ്റർ വീതിയിൽ നിർമ്മിക്കുന്നതിനുള്ള അലൈൻമെന്റും ഭൂമി ഏറ്റെടുക്കുന്നതിനായി 298.17 കോടി രൂപയുടെ എസ്റ്റിമേറ്റും കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള ടെണ്ടർ നടപടികൾ നടന്നുവരുന്നു.

7. കോതമംഗലം ബൈപ്പാസ് - 3.339 കി.മീ. ദൈർഘ്യമുള്ള കോതമംഗലം ബൈപ്പാസ് 45 മീറ്റർ വീതിയിൽ നിർമ്മിക്കുന്നതിനുള്ള അലൈൻമെന്റും 9.45 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള 103.67 കോടി രൂപയുടെ എസ്റ്റിമേറ്റും കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

GPM. 2/239/2020-42

LIBRARY ARCHIVES Kerala Legislative Assembly

8. താമരശ്ശേരി ബൈപ്പാസ് - ദേശീയപാത 212-ൽ 3.6 കി.മീ. ദൈർഘ്യമുള്ള ഈ ബൈപ്പാസിന്റെ നിർമ്മാണം സംസ്ഥാന ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതിനുള്ള പ്രവൃത്തി പൂർത്തിയായി വരുന്നു.

9. സുൽത്താൻ ബത്തേരി ബൈപ്പാസ് - ദേശീയപാത 212-ൽ 5 കി.മീ. ദൈർഘ്യമുള്ള ഈ ബൈപ്പാസിന്റെ നിർമ്മാണം ഡിസ്ട്രിക്ട് ഫ്ളാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ചർ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

10. മണ്ണാർക്കാട് ബൈപ്പാസ് - ദേശീയപാത 213-ൽ 8.5 കി.മീ. ദൈർഘ്യമുള്ള ഈ ബൈപ്പാസിന്റെ നിർമ്മാണം കേന്ദ്ര സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പൊതുമരാമത്ത് വകുപ്പിന്റെ നിരത്തുകളും പാലങ്ങളും വിഭാഗം ഏറ്റെടുത്ത് നടത്തുന്ന ബൈപ്പാസുകളുടെ നിർമ്മാണം സംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധമായി വച്ചിരിക്കുന്നു.*

പൊതുമരാമത്ത് വകുപ്പിലെ പദ്ധതികൾ

291(1362) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൊതുമരാമത്ത് വകുപ്പിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ ഏതെല്ലാം;

(ബി) പ്രസ്തുത പദ്ധതികൾക്കായി ഓരോ ബഡ്ജറ്റിലും വകയിരുത്തിയ തുക എത്ര; ഇവയുടെ നടത്തിപ്പിനായി ഖജനാവിൽ നിന്ന് ഇതിനകം പിൻവലിക്കപ്പെട്ട തുകയെത്ര; മതിയായ തുക ഇല്ലാത്തതിനാൽ ഏതെങ്കിലും പദ്ധതി പൂർത്തിയാക്കാനാകാത്ത സ്ഥിതി ഉണ്ടായിട്ടുണ്ടോ;

(സി) കഴിഞ്ഞ അഞ്ചു വർഷമായി പ്രഖ്യാപിക്കപ്പെട്ടതും എന്നാൽ നടപ്പിലാക്കാൻ കഴിയാത്തതുമായ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) ധനകാര്യ വകുപ്പിന്റെ വിമുഖതമൂലം ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കാതെയുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly